### പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 277

# ഗുണങ്ങളെ അതിക്രമിക്കുന്നത്

## TRANSCENDING THE GUNAS (QUALITIES)

**മെയ് 29, 2025 വ്യാഴം**

ഓം ശ്രീ സായിരാം!
പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ഗുണങ്ങളുടെ അതിക്രമണം

എന്താണീ ഗുണങ്ങളുടെ 'അതിക്രമണം'(transcendence)? അത് അർത്ഥമാക്കുന്നത്, നിങ്ങൾ നിങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുണമോ ലക്ഷണമോ സ്വഭാവമോ പെരുമാറ്റമോ ചിന്തയോ പ്രവൃത്തിയോ ഭാവമോ ധാരണ(perception)യോ അല്ല എന്നാണ്. നിങ്ങൾ ഓരോ വസ്തുവിനും ഭാവത്തിനും ചിന്തയ്ക്കും ഗ്രഹണത്തിനും വികാരത്തിനും അതീതമാണ്. നിങ്ങൾ ഗുണങ്ങൾക്കുമപ്പുറം പോകുന്നു. നിങ്ങൾ "**B**-**M**-**I**" (Body ശരീരം, Mind മനസ്സ്, Intellect ബുദ്ധി)ക്കുമപ്പുറത്താണ്, "**P**-**F**-**T**" (Perception ധാരണ, Feeling വികാരം, Thought ചിന്ത)-ക്കും അപ്പുറത്താണ്, എന്ന് ഒരുവട്ടം നിങ്ങൾ അറിയുമ്പോൾ, നിങ്ങൾ ഗുണങ്ങളെ അതിക്രമിക്കും. നിങ്ങൾ ഇങ്ങനെയൊക്കെ പെരുമാറിയേക്കാം, പക്ഷേ ഉള്ളിന്റെയുള്ളിൽ നിങ്ങൾ ഗുണങ്ങളല്ല. അല്ല. നിങ്ങൾ അവയ്ക്കതീതമാണ്. അതെങ്ങനെ നമുക്കറിയാം?




എന്തുതന്നെയായാലും, കിടക്കയിൽ കിടന്ന് ഗാഢമായ സുഖനിദ്ര ആസ്വദിക്കുന്ന വേളയിൽ, ഞാൻ ഒന്നുംതന്നെ അനുഭവിക്കുന്നില്ല. ഞാൻ ഉറങ്ങുമ്പോൾ, സീലിംഗ് ഫാനിന്റെ തണുത്ത കാറ്റ് കൊതുകുകളെ അകറ്റിനിർത്തവേ, എന്റെ ശരീരം നിഷ്ക്രി

യമാണ്, എന്റെ മനസ്സ് ഒരു അബോധാവസ്ഥയിലാണ്! ആ ഗാഢനിദ്രാവസ്ഥയിൽ, ഞാൻ ഒരുതരം അദ്വൈതാവസ്ഥയിലാണ്. ആ സുഖനിദ്രയിൽ, എനിക്ക് ഗുണങ്ങളില്ല, സവിശേഷതകളോ അനുഭവങ്ങളോ ഇല്ല. ഞാൻ എന്റെ ശരീരം, മനസ്സ്, ബുദ്ധി ഇവയെ അതിക്രമിച്ച് പോകുന്നു.




ഗുണങ്ങൾക്കതീതനായ ഒരു വ്യക്തിയുടെ സവിശേഷതകൾ ഭഗവത്ഗീതയുടെ 14-ാം അദ്ധ്യായത്തിൽ 22 മുതൽ 25 വരെ ശ്ലോകങ്ങളിൽ വിശദീകരിക്കുന്നു. ഞാൻ ഗുണങ്ങളെ അതിക്രമിക്കുകയാണെന്നു വരികിൽ, അപ്പോൾ ഞാൻ താമസികനല്ല, ഞാൻ രാജസികനുമല്ല. തീർച്ചയായും അല്ല. ഞാൻ സാത്വികനാണോ? അത് സംശയമാണ്. അപ്പോൾ, ഞാൻ ഈ മൂന്ന് ഗുണങ്ങളിലൂടെയും അതിനുമപ്പുറവും സഞ്ചരിക്കുകയാണെങ്കിൽ എന്താണ് പ്രയോജനം?




നാം എല്ലാ ഗുണധർമ്മങ്ങളെയും അതിക്രമിക്കുമ്പോൾ എന്താണ് ഫലം, എന്താണ് സംഭവിക്കുക? നാം നിർവാണം, മുക്തി, സ്വർഗം നേടുമെന്ന്(അമൃതമശ്നുതേ) നമുക്ക് ഉറപ്പു നൽകപ്പെട്ടിരിക്കുന്നു. 20-ാം ശ്ലോകത്തിലാണ് ഭഗവാനിത് പറഞ്ഞിരിക്കുന്നത്. നിങ്ങൾ പറഞ്ഞേക്കാം, ‘‘വേണ്ട, എനിക്കത് ആവശ്യമില്ല!’’. ശരി, ബന്ധനത്തിൽ കഴിഞ്ഞോളൂ! നിങ്ങൾ ശരീരം, മനസ്സ്, ബുദ്ധി ഇവയാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, ഇതാണ് നിങ്ങളുടെ വഴി, TWA, Transworld Airlines പോലെ! അല്ലെങ്കിൽ നിങ്ങൾ പറഞ്ഞേക്കാം, ‘‘വേണ്ട, വേണ്ട! ഞാൻ മൂന്നു ഗുണങ്ങൾക്കും അപ്പുറം പോവാനാണ് ആഗ്രഹിക്കുന്നത്.’’ അപ്പോൾ ഇത് ആകപ്പാടെ വ്യത്യസ്തമായ ഒരു എയർലൈൻ റൂട്ട് ആകും! ഒന്നല്ലെങ്കിൽ മറ്റേത് നാം തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു.






നിങ്ങൾ മൂന്നു ഗുണങ്ങളെയും അതിക്രമിക്കുമ്പോൾ എന്തു സംഭവിക്കും? നിങ്ങൾ നിങ്ങളുടെ ശരീരം, മനസ്സ്, ബുദ്ധി ഇവയ്ക്കപ്പുറത്താണ് നിലകൊള്ളുന്നതെന്ന് നിങ്ങൾ അനുഭവിക്കുകയാവും ഫലം. ഇതാണ് യഥാർത്ഥ ‘‘ഞാൻ’’(“I”) ആയി വിശദീകരിക്കപ്പെടുന്നത്. നിങ്ങളിലെ ഈ

യഥാർത്ഥ "ഞാൻ" നിരവധി നാമങ്ങളാൽ പരാമർശിക്കപ്പെടുന്നുണ്ട്-ഈശ്വരൻ, ചൈതന്യം, ആത്മാവ്, ബ്രഹ്മം, പരമാത്മാവ്, വിത്ത്, പിതാവ് ഇങ്ങനെ.

ഭഗവാൻ എല്ലായ്പോഴും പറയാറുണ്ട്, സ്വയം ചോദിക്കുക, "ഞാൻ ആരാണ്?( Who am I?)". ഒരു സ്ത്രീ പറയുന്നു, "ഞാൻ ഒരു സ്ത്രീയാണ്." ഒരു പുരുഷൻ പറയുന്നു, "ഞാൻ ഒരു പുരുഷനാണ്." "ഞാൻ" രണ്ടിനും പൊതുവാണ്, അതുകൊണ്ട്




നിങ്ങളൊരു പുരുഷനുമല്ല, സ്ത്രീയുമല്ല. അപ്പോൾ ആരാണ് നിങ്ങൾ? "ഞാൻ ഒരു ലക്ചറർ ആണ്." ഒരു ലക്ചറർ ആവുക എന്നത് ഒരു തൊഴിലാണ്, പക്ഷേ നിങ്ങൾ ലക്ചറർ അല്ല. "ഞാൻ ഒരു ഭാരതീയനാണ്." ഭാരതം നിങ്ങളുടെ സ്വദേശമാണ്, എന്നാൽ അത് നിങ്ങളല്ല. നിങ്ങൾ പറഞ്ഞേക്കാം, "ഞാൻ ഒരു ചെറുപ്പക്കാരനാണ്." ഇന്ന് നിങ്ങൾ ചെറുപ്പമാണ്. എന്നാൽ, നാളെ നിങ്ങൾ ദർശനത്തിന് കാത്തിരിക്കുന്ന തിനായി വൃദ്ധജനങ്ങൾക്കുവേണ്ടി റിസർവ്വു ചെയ്യപ്പെട്ടിരിക്കുന്ന കൽബഞ്ചുകളിൽ ഇരിക്കേണ്ടിവരും!

അപ്പോൾ, ആരാണ് നിങ്ങൾ? നിങ്ങൾ പ്രായം, തൊഴിൽ, ദേശം, അല്ലെങ്കിൽ നിങ്ങ ളുടെ ലിംഗം, ഇതൊന്നുമല്ല. ശരിക്കുള്ള "ഞാൻ" എന്നത്, നിങ്ങൾ ഈശ്വരൻ, ചൈതന്യം, ബ്രഹ്മം, ആത്മാവ്, അഥവാ പരമാത്മാവ് എന്നൊക്കെ വിളിക്കുന്ന അതാ

ണ്. 3-ാം ശ്ലോകത്തിൽ അതിനെ “കാരണം(seed)” എന്നു വിളിച്ചിരിക്കുന്നു. 4-ാം
ശ്ലോകത്തിൽ അത് “ജനകൻ(Father)” എന്നു പരാമർശിക്കപ്പെട്ടിരിക്കുന്നു. കർത്താ
വിന്റെ പ്രാർത്ഥന(Lord’s Prayer) പോലും പറയുന്നത്, “സ്വർഗസ്ഥനായ അല്ലയോ
പിതാവേ, അവിടുത്തെ നാമം പരിശുദ്ധ
മാവണമേ” എന്നാണ്. ജീസസ്സും ഈ
ശ്വരനെ “പിതാവ്” എന്നാണ് വിളിച്ചത്.
ഈ പിതാവ്, ദൈവം, എവിടെയാണ്?
വിശുദ്ധ ബൈബിൾ പറയുന്നു, “സ്വർഗ
സാമ്രാജ്യം നിന്റെയുള്ളിലാകുന്നു.”




സ്വർഗ സാമ്രാജ്യം, ഭൂമിശാസ്ത്രപരമായി വേറിട്ട്, വ്യത്യസ്തമായ ഒരിടത്ത് അഥവാ
തലത്തിൽ, മറ്റെങ്ങുമല്ല സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട്, “എന്റെ ഉള്ളിലെ ആ
സ്വർഗം”, എന്നിലെ ശരിക്കുള്ള “ഞാൻ”, എല്ലാ ഗുണങ്ങൾക്കും അതീതമാണ്.
അതിനെയാണ് നിങ്ങൾ ഈശ്വരൻ, ചൈതന്യം, ആത്മാവ്, ബ്രഹ്മൻ, പരമാത്മാവ്,
മൂലകാരണം, പിതാവ് ഇങ്ങനെയൊക്കെ വിളിക്കുന്നത്. ഈ ഗുണങ്ങളുടെ ചങ്ങ
ലയിൽ കിടക്കുന്നത് ബന്ധനമല്ലാതെ മറ്റൊന്നുമല്ല. അത്തരം ബന്ധനം ആവർത്തി
ക്കുന്ന ജനന-മരണ ചക്രം സൃഷ്ടിക്കുന്നു. ത്രിഗുണങ്ങളും അതിക്രമിക്കുന്നതിലൂ
ടെ, ഒരുവൻ മോക്ഷം അഥവാ മുക്തി പ്രാപിക്കുന്നു.

ശരി! ഒരു അവസ്ഥയിൽനിന്ന് മറ്റേതിലേക്ക് സഞ്ചരിക്കുന്നതിനുള്ള നടപടിക്രമം
അഥവാ മാർഗം എന്താണ്? ഞാൻ പരിമിതനാണ്, പരിധിയുള്ളവനാണ്, ചങ്ങ
ലയിലാണ് എന്ന് എനിക്കിപ്പോൾ തോന്നുന്നു. ഇവിടെ നിന്ന് അവി
ടേക്ക് ഞാനെങ്ങനെ പോവും? മനുഷ്യൻ ഗുണങ്ങളാൽ ബന്ധിതനാണ്,
അപ്പോൾ അവനെങ്ങനെ സ്വതന്ത്രനാവാൻ പറ്റും? ജയിലിലുള്ള ഒരു
വൻ എങ്ങനെയാണ് മോചിതനാവുക? ശിക്ഷാ കാലാവധി കഴിയുന്ന
ഉടനെ അയാൾ മോചിതനാവും. ഇതുപോലെ, ‘ശരിക്കുള്ള’ നിങ്ങൾ,




എല്ലാ ഗുണവിശേഷങ്ങൾക്കും അതീതനാണെന്നും, എല്ലാ ഗുണങ്ങളെയും സംക്രമി
ക്കുന്നു എന്നും നിങ്ങൾ അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ, താമസി
യാതെ നിങ്ങൾക്ക് ഈ ഗുണങ്ങളുടെ ചങ്ങല മുറിച്ചുകളയാനാവും. ആ അനുഭ
വത്തെയാണ് നമ്മൾ ‘അവബോധം’(awareness) എന്നു വിളിക്കുന്നത്. അവബോധം
എന്നത് ഗുണങ്ങളുടെ അതിക്രമണം അഥവാ ഗുണങ്ങൾക്കപ്പുറം വർത്തിക്കുക

എന്നതല്ലാതെ മറ്റൊന്നല്ല. കേവലം ആ അവബോധം നിങ്ങൾക്ക് മോചനം നൽകുന്നു.

ഭക്തി മാത്രമാണ് ഒരേയൊരു മാർഗം, 26-ാം ശ്ലോകത്തിൽ പരാമർശിക്കപ്പെടുന്നു. വ്യക്തമായി പറയപ്പെട്ടിരിക്കുന്നു, ''ഭക്തി യോഗേന സേവതേ''. ഇതിനർത്ഥം, ഭക്തിമാർഗത്തിലൂടെ നിങ്ങൾ തീർച്ചയായും ഈ ഗുണങ്ങളുടെ അതിക്രമണാവസ്ഥയിൽ എത്തിച്ചേരും എന്നത്രേ. ജന്മത്തിനു പുറകേ ജന്മം എന്ന ആവർത്തിക്കുന്ന ചക്രത്തിൽനിന്ന് അത്



നിങ്ങളെ പൂർണമായും സ്വതന്ത്രമാക്കും. 14-ാം അദ്ധ്യായമായ 'ഗുണത്രയവിഭാഗയോഗ'ത്തിൽ ഇതാണ് വിവരിക്കപ്പെടുന്നത്.

ഇനി നാം മറ്റൊരു വശത്തിലേക്കാണ് കടക്കുന്നത്. എന്താണീ സംക്രമണം(transcendence)? താൻ ത്രിഗുണങ്ങൾക്കും അതീതനാണ് എന്നു പറയുന്ന ഒരു വ്യക്തിയെ എനിക്കെങ്ങനെ തിരിച്ചറിയാൻ കഴിയും? തന്നെയുമല്ല, അതൊരു പക്ഷേ അയാളുടെ വെറും അവകാശവാദമാവാം. താൻ മൂന്ന് ഗുണങ്ങളെയും അതിക്രമിച്ചിരിക്കുന്നു എന്ന് അയാൾ വീമ്പിളക്കിയേക്കാം. എന്നിരുന്നാലും, അത്




പറയുന്നതിൽനിന്നു തന്നെ, അയാൾ ഇപ്പോളും ഒരു ഗുണത്തിലാണ്, ഒരു മോശം ഗുണത്തിലാണ്(രാജസികം) വസിക്കുന്നത് എന്നാണർത്ഥം! അപ്പോൾ, നിങ്ങൾ അങ്ങനെ പറഞ്ഞുകൂടാ. അതു പറയാൻ നിങ്ങളാരാണ്? അതു പ്രഖ്യാപിക്കാൻ നിങ്ങളാരാണ്? നിങ്ങൾ ഒന്നുംതന്നെ അതിക്രമിച്ചിട്ടില്ല! അപ്പോൾ, അതിക്രമിച്ച ഒരു വ്യക്തിയെ ഞാനെങ്ങനെ അറിയാനാണ്? ആ അതിക്രമണാവസ്ഥയിലേക്ക് ഞാൻ പോകുന്നതിനു മുമ്പ്, ഈ സംഗതിയെപ്പറ്റി ഭഗവാൻ നമുക്ക് നൽകിയിട്ടുള്ള ഒരു സുന്ദരമായ വിവരണം ഞാൻ നിങ്ങളോടു പറയട്ടെ.

## കർമം വളരെ ആവശ്യമാണ്

ഒരു താമസികവ്യക്തിത്വം ഇപ്രകാരമായിരിക്കും: ''ശരി, സാർ! ഞാൻ വലിയ അക്രമിയാണ്. എന്നിൽ നിറയെ വിദ്വേഷവും അസൂയയുമാണ്. ഈഗോ അല്ലാതെ മറ്റൊ

ന്നല്ല ഞാൻ. അന്യർ വിഷമിക്കുമ്പോൾപ്പോലും എനിക്ക് സന്തോഷമാണ് തോന്നുക. എനിക്ക് ഒരു അവസരം നഷ്ടമായേക്കാം, പക്ഷേ നിങ്ങൾക്കും അവസരം നഷ്ട മാവുമ്പോഴാണ് ഞാൻ കൂടുതൽ സന്തോഷിക്കുക! ഇതാണെന്റെ പ്രകൃതം. ഞാൻ അങ്ങേയറ്റം സ്വാർത്ഥനാണ്. ലോകം മുഴുവനും നശിച്ചോട്ടെ. എന്നാലും, എനിക്ക് സുഖമായിരുന്നാൽ മതി.''




ഇതിനെയാണ് നമ്മൾ താമസികഗുണം എന്നു വിളി ക്കുന്നത്. ഇതിനെപ്പറ്റി കൂടുതലൊന്നും പറയാത്ത താണ് ഭേദം, എന്തെന്നാൽ നമുക്ക് ധാരാളം മാതൃക കളും ഉദാഹരണങ്ങളുമുണ്ടല്ലോ. ഇനി, ഈ താമസി കഗുണത്തെ മറികടക്കുന്നതെങ്ങനെയാണ്? ഈ താമ സിക മനസ്സിനെ മറികടക്കാനുള്ള മാർഗം കർമ്മത്തി ലൂടെയാണ്. അപ്പോൾ, കർമ്മത്തിലൂടെ, ഒരുവന് അപ്പുറം സഞ്ചരിക്കാനും, താമസികഗുണത്തിന്റേ തായ മൃഗീയ പ്രവണതകളെ രാജസിക ഗുണമാക്കി പരിവർത്തനം ചെയ്യുന്നതിനും കഴിയും.

അപ്പോൾ, ''ഈശ്വരൻ ഇത്തരത്തിലാണ് എന്നെ സൃഷ്ടിച്ചത്'' എന്നു പറഞ്ഞിട്ടു കാര്യമില്ല. ഓ! എന്നാൽ, അതിൽനിന്ന് പുറത്തു കടക്കുന്നതിലേക്കായി, നിങ്ങൾക്കു ചെയ്യുന്നതിനായി ഈശ്വരൻ കർമ്മങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. നിങ്ങളുടെ സൗകര്യപ്രദ മായ, 'ഞാനെന്തു ചെയ്യാൻ' തത്വചിന്ത(what-can-I-do philosophy) ഇവിടെ ബാധ കമാവില്ല. നാം മികച്ച സൗകര്യ (convenience)ത്തിന്റെ ആളുകളാണ്, ഉത്തമബോധ്യ( conviction)ത്തിന്റെ ആളുകളല്ല. സൗകര്യത്തേക്കാൾ അഥവാ പലായനപ്രവണത യേക്കാൾ കൂടുതൽ ആവശ്യമുള്ളത് ഉത്തമബോധ്യമാണ്. കർമം വളരെ, വളരെ ആവ ശ്യമുള്ളതാണ് എന്നതാണ് വസ്തുത. ഭാവന




യല്ല ഇത്. ഇത് കേവലം പാണ്ഡിത്യമോ പുസ്തകജ്ഞാനമോ ഉപരിപ്ലവമായ അറിവോ അല്ല. ഇത് ഒരു സിദ്ധാന്തമോ അല്ലെങ്കിൽ മായികമായ എന്തെങ്കിലുമോ അല്ല. നിങ്ങൾ ഒന്നും ചെയ്യുന്നില്ല എങ്കിൽ നിങ്ങൾക്കൊരു താമസിക മനസ്സാവും ഉള്ളത്. അതുകൊണ്ടാണ്, ഓരോരുത്തരും ഒന്നല്ലെങ്കിൽ മറ്റൊരു കാര്യം ചെയ്തിരി

ക്കണം എന്ന് സ്വാമി നിർബന്ധിക്കുന്നത്, ഒരുവന്റെ പ്രായമോ ഭാഷയോ എന്തുമാവട്ടെ.



“എനിക്ക് ഇപ്പോൾ ഒന്നും ചെയ്യാനാവില്ല! എനിക്ക് 80 വയസ്സിനു മേലായി. ഞാനെന്തു ചെയ്യാൻ?”




നിങ്ങൾക്ക് മറ്റൊരാളിനോട് കുറഞ്ഞ പക്ഷം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ സംസാരിക്കാം, അഥവാ വിഷാദവാനായ ഒരുവനോട് നിങ്ങൾക്കു പറയാം, “വിഷമിക്കാതിരിക്കൂ, എന്റെ ചങ്ങാതീ! എനിക്കിതുപോലെ കുറേ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ ഈ അവസ്ഥയിലെത്തിയില്ല എന്തെന്നാൽ എന്റെ ജീവിതം എല്ലായ്പോഴും പച്ച പിടിച്ചതായിരുന്നു! ഓ, അല്ല! എന്റെ ജീവിതം ഒരിക്കലും ഒരു റോസാപ്പൂ മെത്തയായിരുന്നില്ല. എനിക്കും മുള്ളുകളേൽക്കേണ്ടി വന്നിട്ടുണ്ട്. വിഷമിക്കാതിരിക്കൂ, എന്റെ പ്രിയപ്പെട്ട കുട്ടീ! നിനക്ക് ഭാവിയിൽ നല്ല കാലം വരും.”

അപ്പോൾ, നമ്മുടെ മനസ്സിലേക്ക് വരേണ്ട ഉദാഹരണങ്ങളാണിവ. നാം നിരാശരോ വിഷണ്ണരോ ആയിക്കൂടാ. നമ്മുടെ സഹോദരങ്ങളെ ഉത്സാഹികളും സന്തോഷവാന്മാരും ആയിരിക്കുന്നതിനും, നിസ്സാരകാര്യങ്ങൾക്ക് അസംതൃപ്തരാവാതിരിക്കുന്നതിനും നാം സഹായിക്കണം. അതിനാൽ, എനിക്ക് മറ്റൊരു കർമ്മവും ചെയ്യാൻ കഴിയില്ലെങ്കിൽക്കൂടി, കുറഞ്ഞത് എനിക്ക് പ്രോത്സാഹിപ്പിക്കുന്ന ഏതാനും ആശ്വാസവാക്കുകൾ, കാരുണ്യ വാക്കുകൾ, താദാത്മ്യ ഭാഷണം(words of solace, sympathy and empathy) ഒക്കെ പറയാനാവും. നമുക്ക് ഈ കാരുണ്യം, സൗഹൃദം, കരുതൽ, ശ്രദ്ധ, സ്നേഹം മുതലായ ഗുണങ്ങൾ പ്രകടിപ്പിക്കാം, അവ നമ്മെ ഈ താമസിക മനസ്സ് ഉപേക്ഷിക്കുന്നതിന് പ്രേരിപ്പിക്കും.



പ്രഫസർ അനിൽകുമാർ അദ്ദേഹത്തിന്റെ അമൂല്യമായ ആദ്ധ്യാത്മിക ഉപദേശങ്ങൾ അടുത്ത ലക്കത്തിൽ തുടരുന്നു.




നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 219-226)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)